സന്ധി പരിഹരിക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് തലത്തിൽ അടിയന്തിര ശ്രമം തുടരുകയാണ്.

(ഡി) അറിയിച്ചിട്ടില്ല.

39 (331) വിദേശനിർമ്മിത വിദേശമദ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അബ്കാരി നിയമത്തിലോ ചട്ടത്തിലോ വിദേശനിർമ്മിത വിദേശമദ്യം എന്താണെന്ന് നിർവചിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ഈ വിദേശനിർമ്മിത വിദേശമദ്യം എന്നത് എന്താണെന്ന് വിശദീകരിക്കുമോ;

(സി) 1999 ഫെബ്രുവരി 5-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ ഒരാളിന് ഇത്തരം മദ്യം എത്രമാത്രം കൈവശം വയ്ക്കുവാൻ അനുവദിച്ചിട്ടുണ്ട്;

(ഡി) അബ്കാരി നിയമത്തിൽ പരാമർശിച്ചിട്ടില്ലാത്ത ഇനം മദ്യം സർക്കാർ ഉത്തരവ് വഴി വ്യക്തികൾക്ക് കൈവശം കൈവയ്ക്കുവാനുള്ള അവകാശം എപ്രകാരം നല്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) 4.5 ലിറ്റർ

(ഡി) ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

40 (332) കൊല്ലത്തെ ഷാപ്പുകൾ സീൽ ചെയ്ത സംഭവം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എപ്പോഴെങ്കിലും കൊല്ലത്തുള്ള മുഴുവൻ കള്ളുഷാപ്പുകളും പൂട്ടി സീൽ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കള്ളുഷാപ്പുടമകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്;

(ഡി) ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

(ബി) കൊല്ലം റേഞ്ചിലെ കള്ളുഷാപ്പുകളുടെ ഡിപ്പോയിൽ നിന്നും ശേഖരിച്ച കള്ളിന്റെ സാമ്പിളിൽ ഡയസെപാം കണ്ടതിനെത്തുടർന്നാണ് ഷാപ്പുകൾ പൂട്ടി സീൽ ചെയ്തത്.

(സി) കൊല്ലം റേഞ്ചിലെ 1997-98 സാമ്പത്തികവർഷത്തെ 1 മുതൽ 65 വരെ കള്ളു ഷാപ്പുകരാറുകാരുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി)) ചാർജ്ജ് ഷീറ്റിന്റെ നക്കൽ തയ്യാറാക്കി ഗവൺമെൻറ് പ്ലീഡറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് കോടതിയിൽ ചാർജ്ജ് സമർപ്പിക്കുന്നതാണ്.

41 (333) കൊയിലാണ്ടി എക്സൈസ് ഓഫീസ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എക്സൈസ് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണ്;

(ബി) സ്റ്റാഫിന്റെ കുറവുകൊണ്ട് ഇവിടെ വാറ്റുചാരായ വേട്ട നടക്കുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് സ്റ്റാഫും വാഹനവും കൊടുത്ത് കൊയിലാണ്ടി താലൂക്കിന്റെ ആസ്ഥാനമായ കൊയിലാണ്ടി എക്സൈസ് ഓഫീസ് കാര്യക്ഷമമാക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)

എക്സൈസ് ഇൻസ്പെക്ടർ	1
അസി.എക്സൈസ് ഇൻസ്പെക്ടർ	1
പ്രിവന്റീവ് ഓഫീസർമാർ	3
ഗാർഡുമാർ	14
ഡ്രൈവർ	1

ഇവരിൽ ഒരു പ്രിവന്റീവ് ഓഫീസറുടെയും ആറ് ഗാർഡുമാരുടെയും ഒഴിവുകൾ നികത്തുവാനുണ്ട്.

(ബി) സ്റ്റാഫിന്റെ കുറവ് വാറ്റുചാരായവേട്ടയെ ബാധിച്ചിട്ടില്ല.

(സി) സ്റ്റാഫ് കുറവാണെങ്കിലും റേഞ്ച് പാർട്ടിയും പേരാമ്പ്ര സർക്കിൾ പാർട്ടിയും കൂട്ടായി കൊയിലാണ്ടി റേഞ്ചിൽ റെയിഡുകൾ നടത്തുന്നുണ്ട്. കുറവുള്ള സ്റ്റാഫിനെ പി.എസ്.സി.വഴി നിയമിക്കാൻ നടപടി എടുത്തിട്ടുണ്ട്.

42 (334) ഡിസ്റ്റിലറികളിലെ തൊഴിലാളികൾ

ശ്രീ. ജോർജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly